

INDIAN CATHOLIC COMMUNITY

Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 06991196677

ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



**ICC Bulletin Vol. 8. 4** **www.iccvienna.org** **November-December: 2013**

# Message of the Chaplain

ജപമാല രാജ്ഞിയുടെ ഈ വണക്ക മാസം മരിയ ഭക്തരായ നമ്മിൽ മാതൃത്വത്തിന്റെ ശക്തിയും, വാത്സല്യവും, കൃപയും ഉണർത്തിയതിന് പരിശുദ്ധ അമ്മയോട് നമുക്ക് നന്ദി പറയാം. നമ്മുടെ വിശ്വാസ ജീവിതത്തിലേക്ക് ഒട്ടേറെ വൈകാരികതയുടെ ചൂടും വെളിച്ചവും ദിശാബോധവും നമുക്കു നൽകുന്ന കന്യകാമാതാവിന്റെ കരുതലും ഹൃദയാഭിലാഷവും ശ്രദ്ധിക്കുക. 1917 ജൂലൈ 13–ാം തിയതി ഫാത്തിമായിൽ ലൂസി എന്ന കുട്ടിയോട് മാതാവ് ഇപ്രകാരം പറഞ്ഞു: ലോകസമാധാനത്തിനും, രോഗികളുടെ സൗഖ്യത്തിനും വേണ്ടി മാത്രമല്ല, സകല ആത്മാക്കളുടേയും വിശുദ്ധീകരണത്തിനും വേണ്ടി നീ കൊന്ത ചൊല്ലി പ്രാർത്ഥിക്കണം. പ്രത്യേകമായി, കൊന്തയുടെ ഓരോ ദശകവും കഴിഞ്ഞ് ഇപ്രകാരം പ്രാർത്ഥിക്കണം: ‘‘ഓ! എന്റെ ഈശോയെ! ഞങ്ങളുടെ പാപങ്ങൾ പൊറുക്കേണമെ. നരകാഗ്നിയിൽനിന്ന് ഞങ്ങളെ രക്ഷിക്കേണമെ. എല്ലാ ആത്മാക്കളേയും പ്രത്യേകിച്ച് അങ്ങയുടെ കരുണ ഏറ്റവും ആവശ്യമായിട്ടുള്ളവരേയും സ്വർഗ്ഗത്തിലേക്ക് ആനയിക്കേണമെ.’’ പരിശുദ്ധ അമ്മയുടെ ഈ നിയോഗത്തിൽ നമുക്ക് സകലരുടേയും ആരോഗ്യത്തിനും, ആത്മവിശുദ്ധീകരണത്തിനും, ജീവിത സന്തോഷത്തിനും വേണ്ടി പ്രാർത്ഥിക്കാം.

തിരുക്കുടുംബത്തിന്റെ നാഥയും വഴിവിളക്കുമായിരുന്ന പരിശുദ്ധ അമ്മയും, കുടുംബ സംരക്ഷകനായിരുന്ന വിശുദ്ധ യൗസേപ്പും നമ്മെ ഈശോയുടെ ജീവിതത്തിന്റെ പഠന കളരിയിലേക്കും അനുഭവ മേഘലകളിലേക്കും നയിക്കട്ടെ. നമ്മുടെ ഇടവകയിലെ മാതാപിതാക്കന്മാർ വിവാഹമെന്ന കൂദാശയുടെ കൃപയുള്ളവരായി ദാമ്പത്യസ്നേഹത്തിൽ ഐക്യത്തോടെ തങ്ങളുടെ മക്കൾക്കും, കുടുംബത്തിനും, കുടുംബങ്ങളുടെ കൂട്ടായ്മയായ സ്വന്തം ഇടവകയ്ക്കും വേണ്ടി പ്രാർത്ഥിക്കുവാനുള്ള പ്രചോദനം ഈശോതന്നെ നൽകുന്നത് ശ്രദ്ധിക്കുക: ‘‘ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ച് ചോദിക്കുന്ന ഏതു കാര്യവും എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് നിറവേറ്റിത്തരും’’.(Mt.18:19). നമ്മുടെ സകല പ്രാർത്ഥനകളുടേയും ആരാധന ആവിഷ്ക്കാരങ്ങളുടേയും മകുടമായ പരിശുദ്ധ കുർബ്ബാനയുടെ കൃപാവേദിയിൽ ഈശോയെ നമുക്ക് കാണാം, കേൾക്കാം, അനുഭവിക്കാം. അവിടത്തോടൊപ്പം ഞായറാഴ്ചകളിലെങ്കിലും ഒരു മണിക്കൂറെങ്കിലും ഉണർവ്വോടെ ആഘോഷിക്കാം. മാതൃശക്തിയുള്ള പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യവും സാമിപ്യവും നമുക്ക് ് പ്രചോദനമേകട്ടെ.

## Your Attention Please !

നമ്മുടെ അതിരൂപതയിലെ ഭൂരിഭാഗം ഇടവക സമൂഹങ്ങളും സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണ്. അവയുടെ ബദ്ധിമുട്ടുകൾ നമ്മളും മനസ്സിലാക്കി തക്കതായ കരുതൽ നടപടികൾ എടുക്കേണ്ടതുണ്ട്. നമ്മുടെ മലയാളി ഇടവകയുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പള്ളി കേന്ദ്രങ്ങളിൽ നമ്മൾ ന്യായമായി കൊടുക്കേണ്ട സാമ്പത്തിക സഹായബാദ്ധ്യത കൂടിവരികയാണ്. നമ്മൾ കർശനമായ ചില നിയന്ത്രണങ്ങൾ പാലിക്കേണ്ടിയിരിക്കുന്നു.

ആയതിനാൽ നമ്മുടെ മലയാളി ഇടവകയുടെ മൂന്ന് കേന്ദ്രങ്ങളിലും ഇടദിവസങ്ങളിൽ വ്യക്തികളുടേയോ, ഗ്രൂപ്പുകളുടേയോ ആവശ്യപ്രകാരം നടത്തുന്ന മലയാളം കുർബ്ബാനയുടെ മദ്ധ്യേ നടത്തുന്ന **സ്തോത്ര കാഴ്ചയുടെ തുക മുഴുവൻ മലയാളി ഇടവകയുടെ പൊതുഫണ്ടിലേയ്ക്ക് മാത്രം എടുക്കുന്നതാണ** ് എന്ന പള്ളിക്കമ്മിറ്റിയുടെ തീരുമാനത്തെ ഒരിക്കൽക്കൂടി ഏവരേയും ഓർമ്മിപ്പിക്കുന്നു. മാത്രമല്ല, ഇടവകയ്ക്കു വേണ്ടിയുള്ള നിങ്ങളുടെ **കുടുംബ ഓഹരി** എത്രയും വേഗം നൽകണമെന്ന താൽപര്യപ്പെടുന്നു. പ്രാർത്ഥനാശംസകളോടെ,

P. Thomas Thandappilly CST, ICC Chaplain
P. Joy Plathottathil SVD, ICC Assistant Chaplain

## Important Forthcoming Events

1). Ecumenical Carol Singing Programme on Sunday 8$^{th}$ December 2013 beginning at 3.00 P.M. in the Pfarre Maria Lourdes Meidling. The last day of registration will be Sunday, 1st of December 2013.

**All the teams of Juniors who are below 13$^{th}$ birthday will be given Motivation Prizes. In such groups there must be only children of this age-group.**

*Please note the modified norms and regulations of the Carol Programme:*

1. ഈ പ്രോഗ്രാം മൂന്ന് ഇനങ്ങളായി നടത്തുന്നു: A-type, B-type, C-type
2. മത്സര ഇനങ്ങൾ A-type ഉം B-type ഉം മാത്രം. C-type മത്സരമില്ലാത്ത ഇനം.

   A-type എന്നാൽ, ഗാനാലാപനം മാത്രം നടത്തുന്നത്. B-type എന്നാൽ, ഗാനാലാപനത്തോടൊപ്പം ഉപകരണസംഗീതം, അഭിനയം എന്നിവ കൂടിയുള്ളത്. റെക്കോർഡ് ചെയ്ത ഉപകരണ സംഗീതം അനുവദനീയമാണ്. റെക്കോർഡ് ചെയ്ത ഹമ്മിങ്ങ് അനുവദനീയമല്ല.
3. ഓരോ ടീമിലും മിനിമം അഞ്ച് വ്യക്തികളെങ്കിലും ഉണ്ടായിരിക്കണം.
4. മലയാളത്തിലുള്ള ക്രിസ്സ്മസ്സ് പാട്ടുകളോ ക്രിസ്തീയ ഗാനങ്ങളോ പാടാവുന്നതാണ്.
5. ഒരു ടീം ഒരു പാട്ട് മാത്രമെ പാടാവു.
6. ഒരു വ്യക്തി ഒരു പ്രാവശ്യം മാത്രമെ ഏതെങ്കിലും ടീമിൽ പാടുകയോ അഭിനയിക്കുകയോ ഉപകരണം വായിക്കുകയോ ചെയ്യാവു.
7. മത്സരങ്ങൾ രണ്ട് വിഭാഗങ്ങളിലായി നടത്തുന്നു: ***Youth: 13$^{th}$ birthday to 18$^{th}$ birthday. Seniors: 18$^{th}$ birthday onwards.***
8. ജൂണിയർ വിഭാഗത്തിലുള്ളവർക്ക് അഭിനയിക്കാൻമാത്രം സീനിയേഴ്സ് വിഭാഗത്തിൽ ചേരാവുന്നതാണ്; എന്നാൽ, പാടാനോ ഉപകരണം വായിക്കാനോ പാടില്ല. സീനിയേഴ്സ് ഒന്നിനും ജൂണിയേഴ്സിന്റെ ടീമിൽ ചേരാൻ പാടില്ല.
9. A-type ഉം B-type ഉം മത്സര ഇനങ്ങൾക്ക് Rolling Trophies നൽകുന്നതാണ്.
10. C-type: Juniors, Youth and Seniors of C-type must be at least five persons in each team.

**<u>Scale of Evaluation: Marks out of 100</u>**

1. ശ്രുതി –20 മാർക്ക്
2. താളം–20 മാർക്ക്
3. സ്വരലയം–20 മാർക്ക്
4. വാക്കുകളുടെ വ്യക്തത–20 മാർക്ക്
5. അവതരണ മികവ്–20 മാർക്ക്

| | | | |
|---|---|---|---|
| ICC Parish Committee Meeting | 15$^{th}$ November | 19. 30 | Meidling |
| Marriage Preparation Course<br>Course Fee: Euro 50,- | 28th , 29$^{th}$ , 30$^{th}$ November | 14-18 | Maria Lourdes, Tivoligasse. 20 |
| Kairaly Nikethan Christmas Party | 14$^{th}$ December | 16.30-18 | Kairaly Nikethan School |
| Christmas Confession | Sunday 22$^{nd}$ December | 10.45to 13.00 in Meidling<br>16.45 to 19.00hrs in Stadlau | |
| Christmas Liturgy in Syro Malabar Rite. | Wednesday 25th December | 15:00 | Maria Lourdes Meidling |
| Christmas Liturgy in Syro Malankara Rite. | Tuesday, 24$^{th}$ | 19.30 | Breitenfeld |
| Jahresschluß (Thanksgiving Mass) | Tuesday, 31$^{st}$ December | 19.45 | Maria Lourdes |

*Verleger : Steephen Chevookaran, Media & Communications for the Indian Catholic Community*